## പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 3733    19-02-2013 ന് മറുപടിയ്ക്ക്

## കണമല പാലത്തിന്റെ അപ്രോച്ച് റോഡിനായി വിട്ടുനല്കുന്ന വനഭൂമി

**ചോദ്യം**

ശ്രീ. രാജു എബ്രഹാം

**മറുപടി**

ശ്രീ.കെ.ബി.ഗണേഷ്കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

(എ) ശബരിമല പാതയിലെ കണമലയിൽ നിർമ്മിക്കുന്ന കണമല പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി എത്ര വിസ്തൃതി വനഭൂമിയാണ് വിട്ടുനൽകാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളത് ; എന്നാണ് കേന്ദ്രാനുമതി ലഭിച്ചത് ; പ്രസ്തുത ഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ കൈമാറാൻ കാലതാമസമുണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(എ) 0.542 ഹെക്ടർ വനഭൂമി. ഇതിന് 21.09.2012-ലാണ് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥലം പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ടി സ്ഥലത്ത് നിലവിലുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. അതിനുശേഷം സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതാണ്.

(ബി) അപ്രോച്ച് റോഡിനു കൈമാറേണ്ട ഭൂമിയിൽ എത്ര മരങ്ങളാണുള്ളത് ; ഇവയ്ക്ക് പകരം മരം നടുന്നതിനും മറ്റുമായി പൊതുമരാമത്ത് വകുപ്പ് എത്ര രൂപയാണ് വനം വകുപ്പിന് നൽകിയിട്ടുള്ളത് ;

(ബി) 147 മരങ്ങൾ.
5,65,306 രൂപ നെറ്റ് പ്രസന്റ് വാല്യു ആയും 65,000 രൂപ പകരം മരം വച്ച് പിടിപ്പിക്കുന്നതിലേയ്ക്കും അവയുടെ പരിപാലനത്തിനുമായി പൊതുമരാമത്ത് വകുപ്പ് അടച്ചിട്ടുണ്ട്.

(എ) മരം മുറിച്ചുമാറ്റുന്നതിന് നിലവിൽ എന്തു നടപടിക്രമങ്ങളാണുള്ളത്; ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ ഏതൊക്കെ ഘട്ടങ്ങളിലാണുള്ളത്; ഇതു സംബന്ധിച്ച് തീരുമാനം വൈകുന്നത് എന്തുകൊണ്ട്; വിശദമാക്കാമോ;

(ബി) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും, സംസ്ഥാന വനം വകുപ്പിന്റെ സഹകരണമില്ലാത്തതു മൂലം പാലം നിർമ്മാണം ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിട്ടുനൽകാൻ അനുമതി ലഭിച്ച ഭൂമിയിലെ മരങ്ങൾ അടിയന്തിരമായി മുറിച്ചുമാറ്റുന്നതും പാലത്തിന്റെ ഭൂമി സമയബന്ധിതമായി പി.ഡബ്ല്യു.ഡിയെ ഏൽപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കാമോ?

(എ), (ബി) & (സി) മരങ്ങൾ മുറിച്ചുമാറ്റുന്നതിന് മരങ്ങൾ മാർക്ക് ചെയ്ത് മാർക്കിംഗ് ലിസ്റ്റ്, മാർക്കിംഗ് രജിസ്റ്റർ എന്നിവ തയ്യാറാക്കി, ടി മരങ്ങളുടെ വില ലഭിക്കാനുള്ള നടപടി, ബില്ലറ്റ് എന്നിവ മരത്തിന്റെ ഇനം തിരിച്ച് കണ്ടെത്തുക, മരങ്ങൾ മുറിച്ചുമാറ്റുന്ന ജോലികൾക്കുള്ള അടങ്കൽ തയ്യാറാക്കുക, അടങ്കൽ അംഗീകരിച്ചുകിട്ടുന്ന മുറയ്ക്ക് ടി മരങ്ങൾ ടെൻഡർ മുഖേനയോ, വകുപ്പ് മുഖേനയോ മുറിച്ചുമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുക എന്നിവ ചെയ്യേണ്ടതുണ്ട്. ആയതിന്റെ അടങ്കൽ ദക്ഷിണ മേഖല ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അംഗീകരിച്ചിട്ടുണ്ട്. ടി മരങ്ങൾ മുറിച്ചുനീക്കം ചെയ്യുന്നതിനുള്ള നിർദ്ദേശം അംഗീകൃത അടങ്കൽ സഹിതം റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഇതിനുള്ള കാലതാമസം കണക്കിലെടുത്ത് ടി ജോലി വകുപ്പ് തലത്തിൽ അടിയന്തിരമായി പൂർത്തിയാക്കി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ